# 'ചെക്ക് ലീഫ് ജേർണലിസം' കേരളത്തിലും വ്യാപിക്കുന്നു

അഡ്വ. ആർ.സജ്ജു

തങ്ങളുടെ പത്രത്തിന് നൽകുന്ന ഔദ്യോഗിക വാർത്തകൾ മറ്റു പത്രങ്ങൾക്ക് നല്കുന്നത് ഒരു ദിവസം വൈകിക്കുന്നതിനു വേണ്ടി വാർത്തകൾ നല്കുന്ന ഉദ്യോഗസ്ഥന് പാരിതോഷികമായി ഒരു ചെറിയ തുകയുള്ള ചെക്ക് നല്കുന്ന സമ്പ്രദായം ഒരു പ്രമുഖ മലയാള ദിനപത്രം വർഷങ്ങൾക്കു മുൻപ് തുടങ്ങി വച്ചു. മലയാളത്തിലെ 'ചെക്ക്' ജേർണലിസത്തിന്റെ തുടക്കം ഇതായിരുന്നു.കേരളത്തിലെ ഒരുവലിയപാർട്ടിയെ വലിയ ശത്രുവായി കാണുന്ന ഒരു വലിയ പത്രം പാർട്ടിരഹസ്യം ചോർത്തിയെടുക്കാൻ ദൗർബല്യങ്ങളുള്ള സഖാക്കളുടെ ദൗർബല്യം മനസ്സിലാക്കി വേണ്ടതു ചെയ്യുന്നതിന്റെ ഭാഗമായി ചെക്കുകൾ നല്കുന്ന പ്രവണതയുമുണ്ടായിരുന്നു.

ചെക്ക് ബുക്ക് ജേർണലിസത്തിന്റെ ഉപജ്ഞാതാക്കൾ ബ്രിട്ടനിലെ ടാബ്ലോയിഡുകൾ ആണ്. അരമന രഹസ്യം ചോർത്തിയെടുത്ത് ഇക്കിളി വാർത്തകൾ സൃഷ്ടിക്കാൻ കൊട്ടാര ജീവനക്കാർക്ക് വൻതുകയുള്ള ചെക്കുകൾ നല്കുന്ന സമ്പ്രദായം അവർ ഇന്നും തുടരുന്നു.

ചെക്ക് ജേർണലിസത്തിന് അടുത്തകാലത്ത് ഒരു കാതലായ മാറ്റമുണ്ടായി. ചെക്ക് നല്കി വാർത്തകൾ നേടുന്നതിനു പകരം ചെക്ക് വാങ്ങി വാർത്തകൾ ഇടുന്ന രീതിയിലേക്കാണ് മാറ്റമുണ്ടായത്. മുംബൈയിൽ നിന്നാണ് ഇതിന്റെ തുടക്കം. വൻകിട കമ്പനികൾ പത്ര സമ്മേളനം നടത്തുമ്പോൾ പങ്കെടുക്കുന്ന റിപ്പോർട്ടർമാർക്ക് പലതരത്തിലുള്ള സമ്മാനങ്ങൾ നല്കുന്ന രീതി പണ്ടു മുതലേ ഉണ്ട്. ചില പത്രപ്രർത്തകർ ഇത് സ്വീകരിക്കാറില്ല. സമ്മാനങ്ങൾ നല്കുന്നതിനേക്കാൾ ഫലപ്രദവും സൗകര്യവുമുള്ള മാർഗ്ഗമായി ചെക്ക് അങ്ങനെ അവതരിപ്പിക്കപ്പെട്ടു. പത്രസമ്മേളനത്തിൽ വിശദീകരിക്കുന്ന വസ്തുതകളെ കുറിച്ചുള്ള രേഖകൾ അടങ്ങുന്ന ഫയലിനോടൊപ്പം തുക മാത്രം എഴുതി ഒപ്പിട്ടചെക്ക് തിരുകികയറ്റി പത്രപ്രവർത്തകർക്ക് നല്കും. ഫയലിൽ ചെക്കില്ലായെങ്കിൽ പത്രത്തിൽ വാർത്ത വരില്ല. പത്രങ്ങളിലെ വ്യവസായ വാണിജ്യ കോളങ്ങളുടെ വിസ്തീർണം കൂടിവരുന്നതിന്റെ പ്രധാന കാരണം ചെക്ക് ജേർണലിസം തന്നെയാണ്. മുംബൈ, കൽക്കട്ട തുടങ്ങിയ

(ശേഷം 5-ാം പേജിൽ)

# ചെക്ക്‌ലീഫ് ജേർണലിസം കേരളത്തിലും വ്യാപിക്കുന്നു

(1-ാം പേജ് തുടർച്ച)

വാണിജ്യ നഗരങ്ങളിൽ ചെക്ക് ജേർണലിസമെന്ന ഈ കോഴ ജേർണലിസം ഒരു പടികൂടി മുന്നിലെത്തിക്കഴിഞ്ഞു. ബിസിനസ് പത്രങ്ങളുടെ റിപ്പോർട്ടർമാരുടെയും സബ് എഡിറ്റർമാരുടെയും ബാങ്ക് അക്കൗണ്ട് നമ്പറുകൾ ശേഖരിച്ച് അവരുടെ അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കുന്നതാണ് പുതിയ രീതി. പത്രത്തിന്റെ സർക്കുലേഷൻ അനുസരിച്ച് തുകയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. തുകയുടെ വലിപ്പമനുസരിച്ച് വാർത്തയിലും ഏറ്റക്കുറച്ചിലുണ്ടാകും.

പരസ്യവരുമാനം പത്രാധിപർക്ക്, ചെക്ക് വരുമാനം പത്രപ്രവർത്തകർക്ക് എന്ന അലിഖിത നിയമം പത്രപ്രവർത്തനരംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞു.

കേരളത്തിൽ വാണിജ്യനഗരമായ കൊച്ചിയിലാണ് ചെക്ക് ജേർണലിസം തുടക്കം കുറിച്ചത്. മറ്റു നഗരങ്ങളിലേക്ക് ഇതു വ്യാപിച്ചു തുടങ്ങിയതേയുള്ളൂ. ചെക്ക് കൂടുതൽ ലഭിക്കുന്ന ബ്യൂറോയിലേക്ക് സ്ഥലംമാറ്റം വാങ്ങാൻ ജേർണലിസ്റ്റുകൾക്ക് അമിത താല്പര്യം ഉണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്.

വാണിജ്യ സ്ഥാപനങ്ങളിൽ നിന്നല്ലാതെ രാഷ്ട്രീയക്കാരും പത്രസമ്മേളനത്തിൽ ചെക്കുകൾ നല്കിത്തുടങ്ങി. "എനിക്ക് ഇന്നൊരു പത്രസമ്മേളനം ഉണ്ട്. 500 രൂപയുടെ 50 ചെക്കുകൾ വേണം" എന്ന് ആവശ്യപ്പെടുന്ന തരത്തിലുള്ള പിരിവുകൾ രാഷ്ട്രീയക്കാർ ആരംഭിച്ചുകഴിഞ്ഞു. രാഷ്ട്രീയക്കാർക്ക് സമ്മേളനം നടത്തുന്നതുപോലെയോ റാലി നടത്തുന്നതുപോലെയോ ഉള്ള ഒരു ചെലവേറിയ ഏർപ്പാടായി മാറിക്കൊണ്ടിരിക്കുകയാണ് പത്രസമ്മേളനം. ദൃശ്യമാധ്യമങ്ങൾ ശക്തമായതോടെ കാമറാമാൻമാർക്കും ലൈറ്റ് ബോയിക്കും വരെ ചെക്ക് നല്കേണ്ടതായി വരുന്നു.

500 രൂപ മുതൽ 5000 രൂപ വരെയാണ് സാധാരണ ചെക്ക് തുകകൾ.

പ്രാദേശിക തലത്തിൽ പൊതുസമ്മേളനങ്ങളും പൊതു പരിപാടികളും സംഘടിപ്പിക്കുന്നവർ പ്രാദേശിക ലേഖകർക്ക് ക്ഷണക്കത്തിനും നോട്ടീസിനോടൊപ്പം ചെക്ക് കൂടെ വച്ചു നല്കുന്ന കാലം വിദൂരമല്ല എന്നു തോന്നുന്നു. •

പത്രപ്രവർത്തന രംഗത്തെ നാലാം ലോകരാജ്യമെന്നാണ് വിശേഷിപ്പിക്കുന്നത്. ഇത് ചെക്ക് രാജ്യമായിമാറുന്ന അവസ്ഥ ഏറെ ദയനീയമാണ്. പണമുള്ളവന്റെ മാത്രം നാവായി പത്രങ്ങൾ മാറും. പണം കൊണ്ട് സത്യത്തെ വളച്ചൊടിക്കാം. കള്ളത്തരങ്ങളെ പൂഴ്ത്തിവയ്ക്കാം. ഇതായിരിക്കും മാറിവരുന്ന പുതിയ പത്രധർമം.